**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2459** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്: 1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക. 2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക. 3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്ന തിനു പ്രോത്സാഹനം നൽകുകയും ചെയ്യുക. |
| (ബി) | ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഗ്രാമീണ ടൂറിസം സാധ്യതകൾ കണ്ടെത്തി, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തി വരുന്നു. ഗ്രാമീണ മേഖലയിലെ പ്രാദേശിക ജന സമൂഹത്തെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് ഗ്രാമീണ ടൂറിസം സാധ്യതകൾ കണ്ടെത്തി, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തി വരുന്നു. ഗ്രാമീണ മേഖലയിലെ പ്രാദേശിക ജന സമൂഹത്തെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നു. ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവർക്ക് അധിക വരുമാനം ലഭ്യമാക്കുക, തനതു സംസ്കാരം, കല, പാരമ്പര്യ |

| | | | |
|---|---|---|---|
| | | | തൊഴിലുകൾ, ഉപജീവന മാർഗ്ഗങ്ങൾ, ഭക്ഷണ രീതികൾ എന്നിങ്ങനെയുള്ള അന്യം നിന്ന് പോയിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിത രീതികൾ ടൂറിസത്തിലൂടെ സംരക്ഷിക്കുക, അതോടൊപ്പം തന്നെ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ അവർക്ക് പരിശീലനം നൽകുക എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്നു. ഗ്രാമീണ ടൂറിസം മേഖലക്കു പ്രാധാന്യം നൽകികൊണ്ടുള്ള താഴെ പറയുന്ന വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഡിസൈൻ ചെയ്തു, പ്രൊമോട്ട് ചെയ്യുന്നുണ്ട്. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ കാർബൺ ന്യൂട്രൽ പാക്കേജുകൾ ഫാം വിസിറ്റ് പാക്കേജുകൾ സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ |
| (സി) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ അത് യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശാസ്ത്രീയ പരിശീലനങ്ങൾ നൽകി വരുന്നു. പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ തദ്ദേശസ്വയംഭരണ സ്ഥപനങ്ങളുമായി ചേർന്നുള്ള സംയോജിത പദ്ധതികളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നത്. തങ്ങളുടെ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ ഉത്തരവാദിത്ത ടൂറിസം മിഷന് ഫണ്ട് നൽകിക്കൊണ്ട്, മിഷൻ വഴി പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമുണ്ട്. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം പഞ്ചായത്തിൽ പെപ്പർ പദ്ധതിക്കൊപ്പം കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ (SPMNRM) പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ പഞ്ചായത്ത് ആർ ടി മിഷന് കൈമാറിയിട്ടുണ്ട്. ഈ മാതൃക മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രാവർത്തിക മാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ